<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: എം. അഞ്ജന ഐ എ എസ് )

ഉത്തരവ് നം. -SJD/952/2020-C4

തിരുവനന്തപുരം,
തീയതി. 30/03/2022

---

വിഷയം: സാമൂഹ്യനീതിവകുപ്പ്-ട്രാൻസ് ജെൻഡർ ക്ഷേമം-ട്രാൻസ് ജെൻഡർ വിദ്യാർത്ഥി സഞ്ജന ചന്ദ്രന് 2020-21 അദ്ധ്യയന വർഷത്തെ ഹോസ്റ്റൽ ഫീസ് അനുവദിച്ച ഉത്തരവാകുന്നു.

പരാമർശം : 1)സ ഉ (സാധാ)നം 402/2021/സാ നീ വ തീയതി 07/06/2021
2)ഈ കാര്യാലയത്തിലെ 06/07/2121,05/10/2021,29/01/202204/02/2022,28/02/2022 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ
3)നാദിറ മെഹ്റിൻ &അദേഴ്സ് ഫയൽ ചെയ്ത WP(C)No.12801/2021 നമ്പർ കേസിൻമേൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
4)സഞ്ജന ചന്ദ്രൻ സമർപ്പിച്ച അപേക്ഷ

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ട്രാൻസ്ജെൻഡർ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ /സർക്കാർ എയ്ഡഡ്/സെൽഫ് ഫിനാൻസ് വിദ്യാലയങ്ങളിൽ ഏഴാം ക്ലാസ് മുതൽ പഠിക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് പഠനം തുടരുന്നതിനായി പ്രതിമാസം 4000/- രൂപ നിരക്കിൽ ഹോസ്റ്റൽ ഫീസ് അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട് .നടപ്പുസാമ്പത്തിക വർഷം ടി പദ്ധതിയിലേക്ക് ആകെ 10 ലക്ഷംരൂപ ചെലവഴിക്കുന്നതിനുമുള്ള അനുമതി നൽകി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു .

പ്രസ്തുത സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ 2021-22 അധ്യയനവർഷം ഹോസ്റ്റൽ ഫീസ് അനുവദിക്കുന്നതിന് ഡിഗ്രി തലത്തിലുള്ള 34 വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസർമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആകെ 12,08,000/- രൂപ പരാമർശം(2)പ്രകാരം ബന്ധപ്പെട്ട ഹോസ്റ്റൽ ഉടമ /കെട്ടിട ഉടമയുടെ പേരിൽ അനുവദിച്ചിട്ടുണ്ട് .അധികമായി ആവശ്യമുണ്ടായിരുന്ന 2,08,000/- രൂപ ട്രാൻസ് ജെൻഡർ ക്ഷേമപദ്ധതികൾക്കായി നടപ്പ സാമ്പത്തിക വർഷം അനുമതി ലഭ്യമായിട്ടുള്ള 1,24,00,000/- രൂപയിൽ, സഫലം പദ്ധതിയിൽ മിച്ചമുണ്ടായിരുന്ന 3,00,000/- രൂപയിൽ നിന്നുമാണ് ചെലവഴിച്ചത്.

നടപ്പ് സാമ്പത്തിക വർഷം കോഴിക്കോട് മലബാർക്രിസ്റ്റ്യൻ കോളേജിൽ മൂന്നാം വർഷം ബിരുദപഠനം (ബി എ ഫങ്ഷണൽ ഇംഗ്ലീഷ്)നടത്തിവരുന്ന സഞ്ജന ചന്ദ്രൻ എന്ന ട്രാൻസ് ജെൻഡർ വിദ്യാർഥി 2020-21 കാലയളവിലെ ഹോസ്റ്റൽ ഫീസ് അനുവദിക്കുന്നതിനായി ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ ശുപാർശ സഹിതം പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട് .ടിയാൾക്ക് നടപ്പുവർഷത്തെ ഹോസ്റ്റൽ ഫീസ് അനുവദിച്ചിട്ടുണ്ട് . സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിൽപെട്ട അംഗമെന്ന നിലയിൽ ടിയാളുടെ അപേക്ഷ അനുഭാവപൂർവം പരിഗണിക്കുന്നതിന് പരാമർശം 3 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട് . ടിയാൾ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിശോധിച്ചതിൽ പദ്ധതി മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതിനാൽ ധന സഹായം അനുവദിക്കാവുന്നതാണെന്ന് കാണുന്നു .ടിയാൾക്ക് പ്രതിമാസം 4000 രൂപ നിരക്കിൽ 10 മാസത്തേക്ക് 40,000/- രൂപ അനുവദിക്കേണ്ടതുണ്ട്. ടി തുക ട്രാൻസ്ജെൻഡർ ക്ഷേമപദ്ധതികൾക്കായി നടപ്പ സാമ്പത്തിക വർഷം അനുമതി ലഭ്യമായിട്ടുള്ള 1,24,00,000/- രൂപയിൽ വിവാഹധനസഹായം കമ്പോണൻറിൽ ചിലവഴിക്കപ്പെടാത്ത 1,20,000/- രൂപയിൽ നിന്നും അനുവദിക്കാവുന്നതാണ്.

മേൽ സാഹചര്യത്തിൽ സഞ്ജന ചന്ദ്രന് 2020-21 കാലയളവിലെ ഹോസ്റ്റൽ ഫീ തുകയായി പ്രതിമാസം 4000 രൂപ നിരക്കിൽ 10 മാസത്തേക്ക് 40,000/- രൂപ (നാൽപതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. മേൽ തുക 40,000/- രൂപ ഈ കാര്യാലയത്തിൽ നിന്നും ഹോസ്റ്റൽ ഉടമയുടെ ചുവടെ കൊടുത്തിട്ടുള്ള അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു നൽകേണ്ടതാണ്.

NAME OF BENEFICIARY: RAJA LEKSHMI K R

ACCOUNT NO: **10480100163585**

BANK &BRANCH: FEDERAL BANK, NEDUMBASSERY

IFSC: FDRL0001048

ഇതിലേക്കാവശ്യമായ തുക നടപ്പു സാമ്പത്തിക വർഷത്തെ ട്രാൻസ് ജെൻഡർ ക്ഷേമ പദ്ധതികൾക്കായുള്ള 2235-60-200-64(പി) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്

**M. ANJANA IAS**
സാമൂഹ്യനീതി ഡയറക്ടർ

Sanjana Chandran , Cherukulathoor, Kozhikkod.

പകർപ്പ് :

1. സബ് ട്രഷറി,വികാസ് ഭവൻ
2. സൂപ്രണ്ട് എ & ബി സെക്ഷൻ
3. ജില്ല സാമൂഹ്യനീതി ഓഫീസർ, കോഴിക്കോട്
4. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്